പ്രവർത്തനങ്ങളെല്ലാം കൂടുതൽ വിപുലീകരിച്ച് ഫലപ്രദമാക്കാൻ തന്നെയാണ് ശ്രമിക്കുന്നത്. മഹാത്മജിയുടെ രക്തസാക്ഷിത്വ ദിനമായ ജനുവരി 30-ന് എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും ലഹരിക്കെതിരെ പ്രതിജ്ഞയെടുത്തു. തുടർന്നുള്ള പ്രവർത്തനങ്ങളിലും വിദ്യാർത്ഥികളെ സജീവമാക്കാനാണ് ശ്രമിക്കുന്നത്. രക്ഷകർത്താക്കളുടെ ഇടയിലും ഇതുസംബന്ധിച്ച അവയർനെസ് ഉണ്ടാകേണ്ടതുണ്ട്. പ്രതിപക്ഷനേതാവിന്റെ അഭിപ്രായങ്ങൾ കൂടി പരിഗണിച്ച് യോജിച്ച പ്രവർത്തനങ്ങളും ഈ മേഖലയെ ശക്തിപ്പെടുത്തുന്നതിനുള്ള എല്ലാ നടപടികളും ഗവൺമെന്റ് സ്വീകരിക്കുന്നതാണ്.

മി. സ്പീക്കർ: ലഹരി പ്രതിരോധ കാര്യങ്ങളുമായി ബന്ധപ്പെട്ട് ഏതാണ്ട് എല്ലാ കാര്യങ്ങളും ബഹുമാനപ്പെട്ട മന്ത്രി വിശദീകരിച്ചുകഴിഞ്ഞു. അടുത്തത് വളരെ പ്രധാനപ്പെട്ട പരമ്പരാഗത ജലസ്രോതസ്സുകൾ സംബന്ധിച്ച ചോദ്യമാണ്. ചോദ്യം നമ്പർ (*63)-നോടൊപ്പം ചോദ്യം നമ്പർ (*78) ക്ലബ്ബ് ചെയ്യാൻ ആവശ്യപ്പെട്ടിട്ടുണ്ട്. ക്ലബ്ബിംഗ് അനുവദിക്കുന്നു.

### പരമ്പരാഗത ജലസ്രോതസ്സുകൾ സംരക്ഷിക്കാൻ നടപടി

4(*63) ഡോ. എം. കെ. മുനീർ :
ശ്രീ. എൻ. ഷംസുദ്ദീൻ :
ശ്രീ. പി. ഉബൈദുള്ള :
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുടിവെള്ള ക്ഷാമം രൂക്ഷമാകാനിടയുണ്ടെന്ന മുന്നറിയിപ്പിന്റെ പശ്ചാത്തലത്തിൽ നീരുറവകളും ജലസംഭരണികളും സംരക്ഷിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ;

(ബി) പരമ്പരാഗത ജലസ്രോതസ്സുകൾ സംബന്ധിച്ച് വിവരശേഖരണം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതൊക്കെ വകുപ്പുകളുടെ കൈവശം വിവരം ലഭ്യമാണെന്ന് വെളിപ്പെടുത്തുമോ;

(സി) ഇവയുടെ സംരക്ഷണവും പരിപാലനവും സംബന്ധിച്ച് ഏറ്റെടുത്തിട്ടുള്ള പദ്ധതികൾ ഏതൊക്കെയാണെന്നും ഏതൊക്കെ വകുപ്പുകൾക്ക് ഇതിൽ പങ്കാളിത്തമുണ്ടെന്നും വ്യക്തമാക്കുമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്): സർ,

(എ) കുടിവെള്ളക്ഷാമം രൂക്ഷമാകാനിടയുണ്ടെന്ന മുന്നറിയിപ്പിന്റെ പശ്ചാത്തലത്തിൽ നിലവിലുള്ള ജലസ്രോതസ്സുകളുടെ നവീകരണവും ശുദ്ധീകരണവും ലക്ഷ്യമിട്ട് നടപ്പിലാക്കുന്ന 'ഹരിത കേരളം' പദ്ധതിയിലൂടെ പ്രാദേശികതലത്തിൽ ജലസേചനത്തിനും കുടിവെള്ള വിതരണത്തിനും ഉതകുന്ന ഒരു പുതിയ ജല ഉപയോഗ സംസ്കാരത്തിന് രൂപം നൽകിയിട്ടുണ്ട്. ഇതിന്റെ ആദ്യഘട്ടമായി 320 കോടി രൂപ ചെലവിൽ

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഏകദേശം 9453 കുളങ്ങൾ നവീകരിക്കാനാണ് ഉദ്ദേശിക്കുന്നത്. ജലസേചന വകുപ്പിന്റെ നേതൃത്വത്തിൽ ദേശീയ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി ജില്ലാ ഭരണകൂടം മുഖേനയാണ് പ്രവൃത്തി നടപ്പിലാക്കുന്നത്. കൂടാതെ കുടിവെള്ള ലഭ്യത ഉറപ്പാക്കുന്നതിനായി നിരവധി തടയണകൾ, വി.സി.ബി./ആർ.സി.ബി.-കൾ എന്നിവ വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി നടപ്പാക്കിവരുന്നു. പൂർത്തീകരിച്ച തടയണകൾ/ വി.സി.ബി.കൾ/ആർ.സി.ബി. എന്നിവയിൽ ഷട്ടർ ഇട്ട് വെള്ളം സംഭരിച്ചിട്ടുണ്ട്. നദികളിലേയ്ക്ക് കടലിൽ നിന്നും ഉപ്പുവെള്ളം കയറുന്നത് തടയുന്നതിനായി 2016-17 സാമ്പത്തികവർഷം വിവിധ ജില്ലകളിലായി 56 പ്രവൃത്തികൾക്ക് 251.5 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഈ പദ്ധതികളുടെ പ്രവർത്തനം വിവിധ ഘട്ടങ്ങളിലായി പുരോഗമിക്കുന്നു.

ജല അതോറിറ്റിയുടെ നിലവിലുള്ള സ്രോതസ്സുകളിലെ ചെളിയും മാലിന്യവും നീക്കം ചെയ്യും ഇൻഫിൽട്രേഷൻ ഗ്യാലറികൾ പുനരുദ്ധരിച്ചും നീർച്ചാലുകൾ നിർമ്മിച്ചും ജലലഭ്യത ഉറപ്പുവരുത്താൻ സാദ്ധ്യമായതെല്ലാം ചെയ്യുന്നുണ്ട്. അതുപോലെതന്നെ ജലസേചന വകുപ്പിന്റെയും വൈദ്യുതി വകുപ്പിന്റെയും നിയന്ത്രണത്തിലുള്ള ജല സംഭരണികളിലെ ജലം കുടിവെള്ള ആവശ്യത്തിന് മുൻഗണന നൽകി സംഭരിച്ച് നിലനിർത്താൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

പീച്ചി ജലസംഭരണിയിൽ നിന്നുള്ള ജലവിതരണത്തിൽ കുടിവെള്ളത്തിന് പ്രാമുഖ്യം നൽകാനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്.

എല്ലാ ജലനിധി സ്രോതസ്സുകളിലും അനുയോജ്യമായ രീതിയിൽ ഭൂഗർഭജല പരിപോഷണ പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. ഇതിന്റെ ഭാഗമായി ചെക്ക് ഡാം, ഭൂമിയുടെ അടിയിലുള്ള തടയണകൾ, മണ്ണുസംരക്ഷണം, കിണറുകളുടെ സംരക്ഷണം, കുളങ്ങളുടെ സംരക്ഷണം എന്നിവ ചെയ്തുവരുന്നു.

(ബി) ഉണ്ട്. MI സെൻസസ് പദ്ധതി പ്രകാരം ചെറുകിട ജലസേചനത്തിന് വേണ്ടി മാത്രം ഉപയോഗിക്കുന്ന പരമ്പരാഗത ജലസ്രോതസ്സുകൾ (കിണറുകൾ) സംബന്ധിച്ച വിവരശേഖരണം Irrigation Statistics നടത്തിയിട്ടുണ്ട്. പ്രസ്തുത വിവരങ്ങൾ മൈനർ ഇറിഗേഷൻ വിഭാഗത്തിൽ ലഭ്യമാണ്. കുളങ്ങളുടെ വിവരങ്ങൾ ചീഫ് എഞ്ചിനീയർ (ഐ.ഡി.ആർ.ബി.) ശേഖരിച്ചിട്ടുണ്ട്.

ആവശ്യത്തിന് ജലലഭ്യതയുള്ള പാറമടകൾ, കുളങ്ങൾ തുടങ്ങിയ സ്രോതസ്സുകൾ കണ്ടെത്തി ഗുണനിലവാര പരിശോധന നടത്തി അവ ഉപയോഗപ്പെടുത്താനുള്ള സാധ്യത പരിശോധിക്കാൻ ജല അതോറിറ്റി നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതുകൂടാതെ ചീഫ് എഞ്ചിനീയർ, ഐ.ഡി.ആർ.ബി.-യുടെ ഓഫീസിലും പരമ്പരാഗത ജലസ്രോതസ്സുകൾ സംബന്ധിച്ച വിവരശേഖരണം നടത്തിയിട്ടുണ്ട്.

(സി) പരമ്പരാഗത ജലസ്രോതസ്സുകളുടെ സംരക്ഷണവും പരിപാലനവും ലക്ഷ്യമിട്ട് 'ഹരിത കേരളം പദ്ധതി' നടപ്പിലാക്കുന്നു. കാവേരി നദീജല ട്രൈബ്യൂണൽ വയനാട് ജില്ലയിലെ കബനി സബ് ബേസിനിലെ പദ്ധതികൾക്കായി അനുവദിച്ച ജലത്തിന്റെ വിഹിതം ഉപയോഗപ്പെടുത്തുന്നതിനായി പ്ലാൻ സ്കീമിൽ ഉൾപ്പെടുത്തി 35 കോടി രൂപ ചെലവിൽ 24 ചെക്ക് ഡാമുകൾ, ഒരു റെഗുലേറ്റർ, ഒരു ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി എന്നിവ നിർമ്മിക്കാൻ ഉദ്ദേശിക്കുന്നു. പാലക്കാട് ജില്ലയിലെ ഭവാനി സബ് ബേസിനിൽ അനുവദിച്ച ജലം ഉപയോഗപ്പെടുത്തുന്നതിനായി 3.12 കോടി രൂപ ചെലവിൽ 2 ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ ഉൾപ്പെടെ 3 പദ്ധതികൾ നടപ്പാക്കാൻ ഉദ്ദേശിക്കുന്നു. 2 തടയണകളുടെ പണി പുരോഗതിയിലാണ്. കാസർഗോഡ് പാക്കേജിൽ 2016-17 വർഷത്തിൽ 17 പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

പരമ്പരാഗത ജലസ്രോതസ്സുകൾ സംരക്ഷിക്കുന്നതിന്റെ ഭാഗമായി കേരള ജല അതോറിറ്റി അണ്ടൂർക്കോണം പഞ്ചായത്തിലെ ആനതാഴ്ചിറ കുളത്തിന്റെയും പാറശ്ശാല പഞ്ചായത്തിലെ വണ്ടിച്ചിറ കുളത്തിന്റെയും പുനരുദ്ധാരണ പ്രവൃത്തികൾ ദേശീയ ഗ്രാമീണ കുടിവെള്ള പദ്ധതിയുടെ ഭാഗമായി നടപ്പാക്കിവരുന്നു. കൂടാതെ ഉറവിട സംരക്ഷണവുമായി ബന്ധപ്പെട്ട് വെട്ടൂർ പഞ്ചായത്തിലെ കാക്കക്കുഴി പദ്ധതിയുടെ പുനരുദ്ധാരണവും നടന്നുവരുന്നു.

ജലനിധിയും ഇറിഗേഷൻ വകുപ്പും സംയുക്തമായി നടപ്പിലാക്കി വരുന്ന പ്രധാനപ്പെട്ട ജലസ്രോതസ്സ് സംരക്ഷണ പദ്ധതികൾ താഴെപ്പറയുന്നു.

1. പുല്ലൂർപെരിയ (കാസർഗോഡ് ജില്ല ) - ചെക്ക്ഡാം
2. ബെല്ലൂർ (കാസർഗോഡ് ജില്ല ) - ചെക്ക്ഡാം
3. ആലക്കോട് (കണ്ണൂർ ജില്ല ) - ചെക്ക്ഡാം
4. കരുവാരക്കുണ്ട് (മലപ്പുറം ജില്ല ) - 2 ചെക്ക്ഡാം
5. പെരുമണ്ണക്ലാരി (മലപ്പുറം ജില്ല ) - 1 റെഗുലേറ്റർ കം ബ്രിഡ്ജ്

**ജലസ്രോതസ്സുകൾ സംരക്ഷിക്കാൻ നടപടി**

5 (*78) ശ്രീ. വി. ജോയി:
ശ്രീ. കെ. വി. അബ്ദുൾ ഖാദർ :
ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ :
ശ്രീ. കെ. ഡി. പ്രസേനൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനം രൂക്ഷമായ ജലദൗർലഭ്യം നേരിടുന്ന സാഹചര്യത്തിൽ ജലസ്രോതസ്സുകൾ സംരക്ഷിക്കാനും അവയുടെ കയ്യേറ്റങ്ങൾ തടയുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

LIBRARY ARCHIVES Kerala Legislative Assembly